## പത്രക്കുറിപ്പ്

# നിയമസഭ തെരഞ്ഞെടുപ്പ് സുരക്ഷ : കമ്മീഷണർ അവലോകനയോഗം നടത്തി

# കേന്ദ്രസേന റൂട്ട് മാർച്ച് തുടരുന്നു

## ലഹരിവസ്തുക്കളുടെ വിപണനം: പോലീസ് പരിശോധന ശക്തമാക്കും, പൊതുജനങ്ങൾക്ക് രഹസ്യവിവരം കൈമാറാം

## വിദ്യാർത്ഥികൾക്ക് കഞ്ചാവ് വിൽപ്പന : ഒരാൾ പിടിയിൽ

## നഗരത്തിൽ ഇന്നും നാളെയും ഗതാഗത നിയന്ത്രണം

തിരുവനന്തപുരം:- നിയമസഭ തെരഞ്ഞെടുപ്പിനോട് അനുബന്ധിച്ചുള്ള സുരക്ഷാ ക്രമീകരണങ്ങളുടെ ഭാഗമായി കേന്ദ്രസേനയുടേയും സിറ്റി പോലീസിന്റേയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനെ സംബന്ധിച്ചും സുരക്ഷാ സംവിധാനങ്ങൾ വിശദീകരിക്കുന്നതിനുമായി സിറ്റി പോലീസ് കമ്മീഷണർ ബൽറാംകുമാർ ഉപാദ്ധ്യായയുടെ നേതൃത്വത്തിൽ അവലോകന യോഗം നടത്തി.



തിരുവനന്തപുരം അട്ടക്കുളങ്ങര സ്ക്കൂളിലുള്ള കേന്ദ്രസേനയുടെ ക്യാമ്പിൽ വച്ച് നടന്ന യോഗത്തിൽ കമ്മീഷണർ, സേനാംഗങ്ങൾക്ക് തെരഞ്ഞെടുപ്പ് ഡ്യൂട്ടി സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ നൽകി. സുരക്ഷാ ഡ്യൂട്ടിയ്ക്കായി തിരുവനന്തപുരത്ത് എത്തിയ കേന്ദ്രസേനയായ സി.ഐ.എസ്.എഫ്-ലെ കമാൻഡന്റ് ഗിരീശൻ. പി, ഫോർട്ട് എ.സി.പി അനിൽ ദാസ്, സിറ്റി എ.ആർ എ.സി.പി ജോസഫ് എന്നീ ഓഫീസർമാരും സേനാംഗങ്ങളും യോഗത്തിൽ പങ്കെടുത്തു. അതേസമയം തെരഞ്ഞെടുപ്പ് സുരക്ഷാ സംവിധാനങ്ങളുടെ ഭാഗമായി കേന്ദ്രസേനയും സിറ്റി പോലീസും സംയുക്തമായി നഗരത്തിലെ വിവിധ സ്റ്റേഷൻ പരിധികളിൽ നടത്തി വരുന്ന റൂട്ട് മാർച്ച് തുടരുന്നു. കഴിഞ്ഞ ദിവസം മ്യൂസിയം സ്റ്റേഷൻ പരിധിയിലെ ജഗതി, കണ്ണേറ്റു മുക്ക് പ്രദേശങ്ങൾ കേന്ദ്രീകരിച്ച് നടത്തിയ റൂട്ട് മാർച്ചിന് ഡെപ്യൂട്ടി പോലീസ് കമ്മീഷണർ ഡോ.വൈഭവ് സക്സേന നേതൃത്വം നൽകി. വരും ദിവസങ്ങളിൽ നഗരത്തിലെ എല്ലാ പോലീസ് സ്റ്റേഷൻ പരിധികളിലും ഇത്തരത്തിൽ സംയുക്ത റൂട്ട് മാർച്ചുകൾ നടത്തുമെന്നും സിറ്റി പോലീസ് കമ്മീഷണർ അറിയിച്ചു.



## ലഹരിവസ്തുക്കളുടെ വിപണനം:- പോലീസ് പരിശോധന ശക്തമാക്കും, പൊതുജനങ്ങൾക്ക് രഹസ്യവിവരം കൈമാറാം

തിരുവനന്തപുരം :- വരുന്ന നിയമസഭ തെരഞ്ഞെടുപ്പിനോട് അനുബന്ധിച്ച് ലഹരിവസ്തുക്കളുടെ വിപണനം വർദ്ധിക്കാനുള്ള സാദ്ധ്യത കണക്കിലെടുത്ത് പോലീസ് പരിശോധന ശക്തമാക്കുമെന്നും, പൊതുജനങ്ങൾക്ക് പോലീസിന് രഹസ്യവിവരം കൈമാറാൻ സംവിധാനം ഏർപ്പെടുത്തിയതായും ഐ.ജി.പി-യും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായി ബൽറാം കുമാർ ഉപാദ്ധ്യായ അറിയിച്ചു.

നിയമസഭ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് തിരുവനന്തപുരം സിറ്റിയിൽ മയക്കമരുന്ന്, ഗഞ്ചാവ്, മറ്റ് ലഹരിവസ്തുക്കൾ എന്നിവയുടെ സംഭരണം, വിതരണം, കടത്തിക്കൊണ്ട് പോകൽ എന്നിവയ്ക്കെതിരെ നിയമനടപടികൾ ശക്തമാക്കുന്നതുമായി ബന്ധപ്പെട്ട് വരും ദിവസങ്ങളിൽ സിറ്റി പോലീസ് പരിശോധനകൾ ശക്തമാക്കും. ഗഞ്ചാവ്, മയക്കമരുന്ന് ഉൽപ്പന്നങ്ങൾ എന്നിവയുടെ വ്യാപാരം, സംഭരണം എന്നിവയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരെ സംബന്ധിച്ച വിവരങ്ങൾ പൊതുജനങ്ങൾക്ക് താഴെ കൊടുത്തിരിക്കുന്ന നമ്പരിൽ വിളിച്ച് അറിയിക്കാവുന്നതാണ്. അത്തരം വിവരങ്ങൾ നൽകുന്ന ആളെ സംബന്ധിച്ചുള്ള വിവരങ്ങൾ പൂർണ്ണമായും രഹസ്യമായി സൂക്ഷിക്കുന്നതായിരിക്കുമെന്നും മയക്കമരുന്ന് മാഫിയ സംഘങ്ങളെ അമർച്ച ചെയ്യുന്നതിനായി പൊതുജനങ്ങൾ പോലീസിനോട് സഹകരിക്കണമെന്നും സിറ്റി പോലീസ് കമ്മീഷണർ അറിയിച്ചു.

**ഫോൺ നമ്പർ : 9497990002, 0471 – 2321676**

# വിദ്യാർത്ഥികൾക്ക് ഗഞ്ചാവ് വിൽപ്പന : ഒരാൾ പിടിയിൽ

തിരുവനന്തപുരം :- നഗരത്തിൽ പ്രായ പൂർത്തിയാകാത്ത വിദ്യാർത്ഥികൾ ഉൾപ്പെടെയുള്ളവർക്ക് വ്യാപകമായി ഗഞ്ചാവ് വിൽപ്പന നടത്തി വന്നയാളെ പോലീസ് പിടികൂടിയതായി ഐ.ജി.പി-യും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായി ബൽറാം കുമാർ ഉപാദ്ധ്യായ അറിയിച്ചു. മണക്കാട് കല്ലാട്ടുമുക്ക് ദാറുൾ കരാൾ വീട്ടിൽ മാഹീൻ (24)-നെയാണ് ഡിസ്ട്രിക്ട് ആന്റി നാർക്കോട്ടിക് സ്പെഷ്യൽ ആക്ഷൻ ഫോഴ്സ് (ഡാൻസാഫ്) ടീമിന്റെ സഹായത്തോടെ പൂന്തുറ പോലീസ് അറസ്റ്റ് ചെയ്തത്.



പൂന്തുറ പോലീസ് അറസ്റ്റ് ചെയ്ത
മാഹീൻ (24)

നിയമസഭാ തെരഞ്ഞെടുപ്പിനോട് അനുബന്ധിച്ച് സിറ്റി പോലീസ് നടത്തി വരുന്ന സ്പെഷ്യൽ ഡ്രൈവിന്റെ ഭാഗമായുള്ള അന്വേഷണത്തിനിടെ നാർക്കോട്ടിക് സെൽ അസ്സി. കമ്മീഷണർ പ്രദീപ് കുമാറിന് ലഭിച്ച രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിലാണ് കമലേശ്വരം ജൂബിലി നഗറിന് സമീപം ഗഞ്ചാവ് വിൽപ്പനയ്ക്ക് എത്തിയ സമയം ഇയാൾ പിടിയിലായത്. ഇയാളിൽ നിന്നും വിൽപ്പനയ്ക്കായി കൊണ്ടു വന്ന കാൽ കിലോഗ്രാം ഗഞ്ചാവും പോലീസ് പിടിച്ചെടുത്തു. പൂന്തുറ എസ്.എച്ച്.ഒ അനീഷ്, എസ്.ഐ സുഹാസ്, ഡാൻസാഫ് എസ്.ഐ ഗോപകുമാർ,

എസ്.സി.പി.ഒ–മാരായ സജി, വിനോദ്, മനു, രാജേഷ്, രഞ്ജിത്, അരുൺ, ഷിബു, നാജി എന്നിവരടങ്ങിയ പോലീസ് സംഘമാണ് പ്രതിയെ അറസ്റ്റ് ചെയ്തത്. പ്രായപൂർത്തിയാകാത്ത കുട്ടികൾക്ക് ഗഞ്ചാവ് വിൽപ്പന നടത്തിയതിന് ജുവനൈൽ ജസ്റ്റിസ് ആക്ട്ും ഉൾപ്പെടുത്തി കേസെടുത്ത പ്രതിയെ കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തു.

## നഗരത്തിൽ ഇന്നും നാളെയും ഗതാഗത നിയന്ത്രണം

കേന്ദ്ര ആഭ്യന്തര മന്ത്രിയുടെ സന്ദർശനത്തോടനുബന്ധിച്ച് തിരുവനന്തപുരം നഗരത്തിൽ ഇന്നും നാളെയും (06.032021, 07.03.2021) തീയതികളിൽ ഗതാഗത നിയന്ത്രണം ഏർപ്പെടുത്തിയതായി സിറ്റി പോലീസ് കമ്മീഷണർ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു.

### 06.03.2021 തീയതിയിലെ ഗതാഗത ക്രമീകരണം

06.03.2021, തീയതി രാത്രി 09.00മണി മുതൽ 12.00 മണിവരെ എയർപോർട്ട്, ശംഖുംമുഖം, ആൾസെയിൻസ്, ചാക്ക, പേട്ട, പാറ്റൂർ, ജനറൽ ആശുപത്രി, ആശാൻ സ്ക്വയർ, അണ്ടർ പാസ്, പഞ്ചാപുര, ഫ്ലൈ ഓവർ, പനവിള, മോഡൽ സ്കൂൾ, അരിസ്റ്റോ ജംഗ്ഷൻ, തമ്പാനൂർ വരെയുള്ള റോഡിൽ കർശന ഗതാഗത നിയന്ത്രണവും, പാർക്കിംഗ് നിയന്ത്രണവും ഉണ്ടായിരിക്കുന്നതാണ്.

### 07.032021 തീയതിയിലെ ഗതാഗത ക്രമീകരണം

07.032021, തീയതി രാവിലെ 08.00 മണി മുതൽ 10.00 മണിവരെയും, ഉച്ചക്ക് 02.00 മണി മുതൽ രാത്രി 11.00 വരെയും എയർപോർട്ട്, ശംഖുംമുഖം, ആൾസെയിൻസ്, ചാക്ക, പേട്ട, പാറ്റൂർ, ജനറൽ ആശുപത്രി, ആശാൻ സ്ക്വയർ, അണ്ടർ പാസ്, പഞ്ചാപുര, ഫ്ലൈ ഓവർ, പനവിള, മോഡൽ സ്കൂൾ, അരിസ്റ്റോ ജംഗ്ഷൻ, തമ്പാനൂർ വരെയുള്ള റോഡിന്റെ

ഇരുവശങ്ങളിലും കർശന ഗതാഗത നിയന്ത്രണവും, പാർക്കിംഗ് നിയന്ത്രണവും ഉണ്ടായിരിക്കും.

അന്നേദിവസം ഉച്ചക്ക് 03.00 മണി മുതൽ 06.00 മണിവരെ തമ്പാനൂർ–അരിസ്റ്റോ ജംഗ്ഷൻ– മോഡൽ സ്കൂൾ –പനവിള –ബേക്കറി –വഴുതക്കാട്–എസ്.എം.സി–വെള്ളയമ്പലം–ശാസ്തമംഗലം–മരുതുംകുഴി വരെയുള്ള റോഡിന്റെ ഇരുവശങ്ങളിലും കർശന ഗതാഗത നിയന്ത്രണവും, പാർക്കിംഗ് നിയന്ത്രണവും ഉണ്ടായിരിക്കുന്നതാണ്.

മേൽപ്പറഞ്ഞ റോഡുകളിൽ അന്നേ ദിവസം കർശന പാർക്കിംഗ് നിയന്ത്രണം ആയതിനാൽ ഗതാഗത തടസ്സം സൃഷ്ടിച്ച് പാർക്ക് ചെയ്തിരിക്കുന്ന വാഹനങ്ങളെ റിക്കവറി വാഹനം ഉപയോഗിച്ച് നീക്കം ചെയ്യുന്നതായിരിക്കും. പോലീസ് വാഹനം മാറ്റുമ്പോൾ ഉണ്ടാകുന്ന കേടുപാടുകൾക്ക് പോലീസ് ഉത്തരവാദിയാകുന്നതല്ല.

**07.03.2021 തീയതിയിലെ ശംഖുമുഖത്ത് അവസാനിക്കുന്ന ബി.ജെ.പിയുടെ വിജയ യാത്രയുമായി ബന്ധപ്പെട്ട ട്രാഫിക് ക്രമീകരണങ്ങൾ.**

ബി.ജെ.പിയുടെ വിജയ യാത്രയുമായി ബന്ധപ്പെട്ട് ശംഖുംമുഖം ഭാഗത്തേക്ക് പ്രവർത്തകരുമായി വരുന്ന വാഹനങ്ങൾ ശംഖുംമുഖം ജംഗ്ഷന് സമീപം പ്രവർത്തകരെ ഇറക്കിയ ശേഷം വെട്ടുകാട്, കണ്ണാന്തുറ, കൊച്ചുവേളി വേളിബോട്ട് ക്ലബ് റോഡിന്റെ ഒരു വശം ബൈ റോഡുകളിലും, വേളി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന് അകത്തുള്ള റോഡുകളിലും, ആൾ സെയിന്റ്സ് – മാധവപുരം – വേളി റോഡിന്റെ ഒരു വശവും മറ്റ് വാഹനങ്ങൾ കടന്നു പോകുന്നതിന് തടസമില്ലാത്ത രീതിയിൽ പാർക്ക് ചെയ്യേണ്ടതാണ്.

ശംഖുംമുഖം – ചാക്ക – പേട്ട – പാളയം– ബേക്കറി –തമ്പാനൂർ വരെയുള്ള പ്രധാന റോഡിന്റെ ഇരുവശങ്ങളിൽ അന്നേദിവസം വാഹനങ്ങൾ പാർക്ക് ചെയ്യുവാൻ അനുവദിക്കുന്നതല്ല. അത്യാവശ്യ ഘട്ടങ്ങളിൽ പാർക്ക് ചെയ്തിരിക്കുന്ന വാഹനങ്ങളിൽ ഡ്രൈവറോ, ക്ലീനറോ, ഉണ്ടായിരിക്കേണ്ടതാണ്. വാഹനങ്ങൾ പൂട്ടിയിട്ട് പോകുന്ന അവസരങ്ങളിൽ ഉത്തരവാദിത്വപ്പെട്ടയാളുടെ ഫോൺ നമ്പർ വ്യക്തമായി കാണുന്ന രീതിയിൽ വാഹനങ്ങളിൽ പ്രദർശിപ്പിച്ചിരിക്കേണ്ടതാണ്. ആയതിന് വിപരീതമായി പ്രവർത്തിക്കുന്നവർക്കെതിരെ യാതൊരു മുന്നറിയിപ്പും കൂടാതെ കർശന നിയമ നടപടികൾ സ്വീകരിക്കുന്നതാണ്.

## വാഹനങ്ങൾ വഴി തിരിച്ച് വിടുന്ന സ്ഥലങ്ങൾ

07.03.2021 തീയതി വൈകുന്നേരം 04.00 മണി മുതൽ രാത്രി 08.00 മണി വരെ ആൾ സെയിന്റ്സ് ഭാഗത്തു നിന്നും ശംഖുംമുഖം വരെയുള്ള റോഡിൽ ഗതാഗതം ക്രമീകരണം ഉള്ളതിനാൽ യാത്രക്കാർ ടി റോഡ് ഒഴിവാക്കി യാത്ര ചെയ്യേണ്ടതാണ്.

ഡൊമസ്റ്റിക് എയർപോർട്ട് ഭാഗത്തു നിന്നും ശംഖുംമുഖം ഭാഗത്തേക്ക് അന്നേദിവസം വൈകുന്നേരം വാഹന ഗതാഗതം അനുവദിക്കുന്നതല്ല.

## നോ പാർക്കിംഗ് സ്ഥലങ്ങൾ

- ശംഖുംമുഖം – ആൾ സെയിന്റ്സ് – ചാക്ക ജംഗ്ഷൻ – പേട്ട – പാളയം – ബേക്കറി – പനവിള – തമ്പാനൂർ വരെയുള്ള റോഡ്.
- പനവിള – ബേക്കറി – വഴുതക്കാട് – വെള്ളയമ്പലം – ശാസ്തമംഗലം വരെയുള്ള റോഡ്.
- ശംഖുംമുഖം പാർക്കിന് ചുറ്റുമുള്ള റോഡ്

മേൽ പറഞ്ഞ പ്രകാരമുള്ള ഗതാഗത നിയന്ത്രണങ്ങൾ എർപ്പെടുത്തിയിരിക്കുന്ന സമയങ്ങളിൽ വിമാനത്താവളത്തിലേയ്ക്ക് വരുന്ന യാത്രക്കാർ കാലേക്കൂട്ടി യാത്രകൾ ക്രമീകരിക്കേണ്ടതും, ഡൊമസ്റ്റിക് എയർപോർട്ടിലേക്ക് പോകേണ്ടവർ കല്ലുംമൂട് – പൊന്നറ പാലം – വലിയതുറ വഴി പോകേണ്ടതുമാണ്.

ശംഖുംമുഖം – ആൾ സെയിന്റ്സ് – ചാക്ക വരെയുള്ള റോഡിൽ അന്നേ ദിവസം വഴിയോര കച്ചവടം അനുവദിക്കുന്നതല്ല.

തിരുവനന്തപുരം സിറ്റി പോലീസിന്റെ മേൽ പറഞ്ഞ ഗതാഗത ക്രമീകരണങ്ങളോട് പൊതുജനങ്ങൾ സഹകരിക്കണമെന്നും ട്രാഫിക്കുമായി ബന്ധപ്പെട്ട പരാതികൾക്കും നിർദ്ദേശങ്ങളും താഴെപ്പറയുന്ന ഫോൺ നമ്പരുകളിൽ ബന്ധപ്പെട്ട അറിയിക്കാവുന്നതാണെന്നും സിറ്റി പോലീസ് കമ്മീഷണർ അറിയിച്ചു.

ഫോൺ നമ്പരുകൾ:- 0471-2558731, 0471-2558732.

തിരുവനന്തപുരം സിറ്റി
05-03-2021

ഐ ജി പി & കമ്മീഷണർക്ക് വേണ്ടി

പബ്ലിക് റിലേഷൻസ് ഓഫീസർ
തിരുവനന്തപുരം സിറ്റി